IT

# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2858

19.06.14 ൽ - മറുപടിക്ക്

VOL-III

## ഭക്ഷ്യസുരക്ഷാ നിയമവും ഭക്ഷ്യധാന്യ വിഹിതവും

**ചോദ്യം**

ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ.രാജു
ശ്രീമതി. ഇ.എസ്. ബിജിമോൾ
ശ്രീ. ജി.എസ്. ജയലാൽ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം അടിസ്ഥാനമാക്കി പുതിയ റേഷൻ കാർഡുകൾ എന്നുമുതൽ നിലവിൽവരും; പുതിയ കാർഡ് നിലവിൽ വരുമ്പോൾ എത്രപേർക്ക് റേഷൻ കിട്ടാതാകും എന്നു പരി ശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്ത മാക്കുമോ;

(എ) ഭക്ഷ്യസുരക്ഷാനിയമം അടിസ്ഥാനമാക്കി പുതിയ റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ടത്, ഇവയിൽ പെടാത്തത് എന്ന് രണ്ടായി തരംതിരിക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. 2015-ആദ്യത്തോടെ പുതിയ കാർഡുകൾ നൽകാൻ കഴിയുമെന്ന് പ്രതീക്ഷി ക്കുന്നു. പുതിയ കാർഡുകൾ നിലവിൽ വരുമ്പോൾ ആർക്കും തന്നെ റേഷൻ കിട്ടാതാകുന്നില്ല.

(ബി) സംസ്ഥാനത്തുള്ള മൊത്തം റേഷൻ കാർഡുകളുടെ എണ്ണം എത്ര; ഇതിൽ എ.പി.എൽ., ബി.പി.എൽ, അന്ത്യോദയ, അന്നപൂർണ്ണ കാർ ഡുകളുടെ എണ്ണം എത്രവീതമെന്ന റിയിക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ 8286112 കാർഡുകൾ നിലവിലുണ്ട്.

| | | |
|---|---|---|
| എ.പി.എൽ | - | 6206902 |
| ബി.പി.എൽ | - | 1489977 |
| എ.എ.വൈ | - | 589233 |
| ആകെ | | 8286112 |

അന്നപൂർണ്ണ - 28786

(സി) പുതിയ റേഷൻകാർഡ് നിലവിൽ വരുമ്പോൾ നിലവിൽ ലഭിച്ചുകൊ ണ്ടിരിക്കുന്ന പ്രതിമാസ റേഷൻ വിഹിതത്തിൽ കുറവു വരാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള വിഹിതവും പുതിയ തായി ലഭിക്കുന്ന വിഹിതവും എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിൽ എ.എ.വൈ. കാർഡുകൾക്ക് മാസം 35 കി.ഗ്രാം ഭക്ഷ്യധാന്യം, ബി.പി.എൽ കാർഡുകൾക്ക് 25 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും, എ.പി.എൽ. എ.പി.എൽ. (എസ്.എസ്) കാർഡുകൾക്ക് 9 കി.ഗ്രാം അരിയും, 2 കി.ഗ്രാം ഗോതമ്പുമാണ് നൽകി വരുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽ വരുത്തുമ്പോൾ എ.എ.വൈ. വിഭാഗക്കാർക്ക് 35 കി.ഗ്രാം അരിയും മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുകളിലെ ഓരോ അംഗത്തിനും 5 കി.ഗ്രാം വീതം ഭക്ഷ്യധാന്യവും നൽകുവാൻ

കഴിയും. മുൻഗണനാ വിഭാഗക്കാർക്ക് അനുവദിച്ചിട്ടുള്ള വിഹിതത്തിന്റെ ബാക്കി എ.പി.എൽ. നിരക്കിൽ ലഭിക്കും. എ.പി.എൽ. കാർഡുകൾക്ക് ഒരു കാർഡിന് 8 കിലോ നിരക്കിൽ നൽകുവാൻ കഴിയും. സംസ്ഥാന വിഹിതം 16 ലക്ഷം ടൺ ആയി ഉയർത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ ഭക്ഷ്യധാന്യ വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2010-11, 2011-12, 2012-13, 2013-14 എന്നീ കാലയളവുകളിൽ വർഷം തോറും സംസ്ഥാനത്തിന് ലഭിച്ച ഭക്ഷ്യധാന്യ വിഹിതം എത്രവീതമെന്ന് വിശദമാക്കുമോ?

(ഡി) സംസ്ഥാനത്തിന് സാധാരണ വാർഷിക വിഹിതമായി ലഭിക്കുന്ന അളവിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ പ്രത്യേക വിഹിതമായി (അഡ്ഹോക്ക്) ലഭിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവിൽ കുറവ് വന്നിട്ടുണ്ട്.

| വർഷം | ഭക്ഷ്യധാന്യം (നോർമൽ) (മെ.ടൺ) | ഭക്ഷ്യധാന്യം (അഡ്ഹോക്ക്) (മെ.ടൺ) | ആകെ (മെ.ടൺ) |
|---|---|---|---|
| 2010-11 | 1226604 | 212420 | 1439024 |
| 2011-12 | 1226604 | 360373 | 1586977 |
| 2012-13 | 1226604 | 552188 | 1778792 |
| 2013-14 | 1260652 | 365252 | 1625904 |

സെക്ഷൻ ഓഫീസർ